# COUNCIL OF AFFILITED SCHOOLS IN THE GULF

## GULF SAHODAYA EXAMINATION, FEBRUARY 2009/ MARCH 2009

## MALAYALAM

**Class : IX** | **Max. Marks : 100**

**Date :** 25 FEB 2009 | **Duration : 3 hrs**

**Code No : 9290**

---

## PART – A

1. പര്യായപദം എഴുതുക ( രണ്ടു വീതം ) 1

   ചന്ദ്രിക

2. നാനാർത്ഥമെഴുതുക 1

   ഉരയ്ക്കുക

3. അർത്ഥവ്യത്യാസമെഴുതുക 1

   മയം - മായം

4. വിപരീതപദം എഴുതുക 1

   ഉത്തരാർധം

വാക്യത്തിൽ തെററുണ്ടെങ്കിൽ തിരുത്തുക

5. സ്വയം ആത്മഹത്യ ഇപ്പോൾ വർദ്ധിച്ചു വരികയാണ്. 1

6. ഒരാളിന് അധികാരമുണ്ടെന്ന് വച്ച് അവരെ എല്ലാവരും ബഹുമാനിക്കണമെന്നില്ല. 1

7. അധ്യാപകൻ താമസിച്ചതിന് വിദ്യാർഥിയെ തല്ലി. 1

8. പോലീസിൻെറ സഹായത്താൽ ഗർഭിണിയായ സ്ത്രീയെ ആശുപത്രിയിലെത്തിച്ചു. 1

9. ജീവിക്കാൻ മററൊരു ഗത്യന്തരമില്ലാതെ സതീഷ് നാടുവിട്ടു. 1

10. അവൻ താമസിച്ചതിന് കാരണം ബസ് കിട്ടാത്തതു കൊണ്ടാണ്. 1

പദം ശരിയാക്കിയെഴുതുക

11. പ്രദിപാതനം 1

12. ദീർഗസ്കന്തൻ 1

പ്രയോഗം മാററുക.

13. അവിടെ കൂടി നിന്നവർ എൻെറ പ്രസംഗത്തെ ശരിവെച്ചു. 1

14. സുബ്രഹ്മണ്യപോററിയാൽ വീണപൂവ് പകർത്തിയെടുക്കപ്പെട്ടു. 1

15. മാല പ്രായം ചെന്ന ഒരാദ്യവസാനക്കാരനാൽ വധൂവരൻമാരെ ഏൽപ്പിക്കപ്പെടുന്നു. 1

അന്വാഖ്യാന സംഭാഷണത്തിലെഴുതുക.

16. മുത്തച്ഛൻ : " നീയ് മടങ്ങി വന്നുല്ലേ, ഗോപാലാ ? "

ഗോപാലൻ നായർ: " മടങ്ങി വന്നതല്ല, അച്ഛനെക്കണ്ട് ഒരു വിവരം പറയാനാണ്" 1

17. സഞ്ജയൻ : " ഊറൽ കുറച്ചുണ്ട്, ഇല്ലേ ഡോക്ടർ "

ഡോക്ടർ : " ഇല്ല, നിങ്ങൾക്കു തോന്നുന്നതാണ് " 1

ലഘുവാക്യങ്ങളാക്കുക.

18. രാജൻ ചാടിക്കയറി 1

19. കുട്ടികൾ ഓടിക്കളിച്ചു. 1

സങ്കീർണവാക്യമാക്കുക.

20. തത്ത കൂട്ടിൽ കയറിയിരുന്നു. തത്ത പാടി. 1

## PART – B

1. ആശയം വിപുലീകരിക്കുക. 5

" അഴകുള്ള ചക്കയിൽ ചുളയില്ല "

2. നിങ്ങളുടെ സ്കൂളിലെ പുതുക്കിയ ഗ്രന്ഥശാല ഉദ്ഘാടനം ചെയ്യാൻ ഒരു സാഹിത്യകാരനെ ക്ഷണിച്ചു കൊണ്ട് ഒരു കത്ത് എഴുതുക. 5

3. മുന്നൂറു വാക്കിൽ കവിയാതെ ഏതെങ്കിലും ഒരു വിഷയത്തെ കുറിച്ച് ഉപന്യസിക്കുക. 10

ദൃശ്യമാധ്യമങ്ങളും വായനാശീലവും

തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

മൂല്യശോഷണം ആധുനിക സമൂഹത്തിൽ

താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെ കൊടുത്ത ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

തികച്ചും കേരളീയമായ ഒരു കലാപ്രസ്ഥാനമാണ് കഥകളി. ഇതിന് ചാക്യാർകൂത്തിനോടും കൂടിയാട്ടത്തിനോടുമാണ് ആധമർണ്യം. ഒരു വേദിയിൽ അഭിനയിച്ചു കാണിക്കുന്നതാണ് കഥകളി. ആട്ടം എന്നും ഇതിന് പറയാറുണ്ട്. കഥകളിക്കു വേണ്ടി ചിട്ടപ്പെടുത്തിയ സാഹിത്യരൂപമാണ് ആട്ടക്കഥ. കഥകളിയുടെ പ്രണേതാവായി അറിയപ്പെടുന്നത് കൊട്ടാരക്കരത്തമ്പുരാനാണ്. നൃത്തം, നൃത്യം, നാട്യം എന്നീ മൂന്ന് അഭിനയരീതികളും കഥകളിയിൽ സമഞ്ജസമായി സമ്മേളിക്കുന്നു. കൈയും മെയ്യും കണ്ണും കാലും താളത്തിനൊത്ത് ഇളക്കുന്നതിനാണ് നൃത്തം എന്നു പറയുന്നത്. നൃത്തത്തിന് പ്രത്യേകിച്ച് അർഥമൊന്നുമില്ലെങ്കിലും ആഹ്ളാദപ്രകടനമാണ് ഇതിന്റെ സ്വഭാവവും ലക്ഷ്യവും. ഹസ്തമുദ്രകൾ കൊണ്ട് ആശയം വെളിവാക്കുന്നതാണ് നൃത്യം. കഥകളിനടൻമാർ വാക്കുകൾക്ക് അർഥകല്പന ചെയ്യുന്നത്

ഹസ്തമുദ്രകളിലൂടെയാണ്. നൃത്തത്തോട് ചേർന്ന നൃത്യമാണ് കഥകളിയിലുള്ളത്. കഥകളിക്ക് ജീവൻ നൽകുന്നത് നാട്യമാണ്. മുഖാവയവങ്ങളായ കണ്ണ്, പുരികം, ചുണ്ട്, താടി, കവിൾ എന്നിവ കൊണ്ട് ഓരോ രസം അഭിനയിക്കുന്നതാണ് നാട്യം. ആംഗികം, വാചികം, ആഹാര്യം, സാത്വികം എന്നീ ചതുർവിധാഭിനയങ്ങളിൽ വാചികം കഥകളി നടൻമാർക്ക് പാടില്ല. ചെണ്ട, ചേങ്ങില, മദ്ദളം, ഇലത്താളം എന്നീ വാദ്യോപകരണങ്ങളുടെ അകമ്പടിയോടെ സോപാന സമ്പ്രദായത്തിലുള്ള കഥകളിസംഗീതം ഈ കലയുടെ മററൊരു പ്രത്യേകതയാണ്.

4. കഥകളിയുടെ സാഹിത്യരൂപം ഏത് ? 2

5. കഥകളിയിൽ നാട്യം എന്ന് പറയുന്നതെന്തിനെയാണ് ? 2

6. ഏത് രീതിയിലുള്ള സംഗീതമാണ് കഥകളിയിൽ കണ്ടുവരുന്നത് ? 2

7. നൃത്തത്തിന് കഥകളിയിലുള്ള സ്ഥാനമെന്ത് ? 2

8. കഥകളിനടൻമാർക്ക് അനുവദിക്കപ്പെട്ട അഭിനയരീതികൾ ഏതെല്ലാം? 2

## PART - C

മൂന്നോ നാലോ വാക്യത്തിലുത്തരമെഴുതുക.

1. അമ്മയെപ്പററി പി.യുടെ ഓർമ്മകളെന്തെല്ലാം ? 4

2. ഇഞ്ചക്ഷൻ എടുത്തവരെ ലേഖകൻ പരിഹസിച്ചതെങ്ങനെ ? 4

3. " എന്താണ് ഒരു നല്ല ബുദ്ധി തോന്നാൻ " സന്ദർഭവും ആശയവും എഴുതുക. 4

4. നൈൽക്കരയെ നാടകശാലയാക്കുന്ന ദൃശ്യങ്ങളേവ ? 4

5. " വീണപൂവ് " ഉത്തമകവിതയാകുന്നതെങ്ങനെ ? 4

6. " തൻമണിക്കുഞ്ഞുങ്ങൾ തൻ തായാട്ടു നോക്കിക്കാണു
മമ്മതൻ വിരി കണ്ണുപോലെ മിന്നുന്നു വാനം"
അലങ്കാരം ലക്ഷണമെഴുതി സമന്വയിപ്പിക്കുക. 4

7. രാവണൻെറ ഗർവത്തെ സൂചിപ്പിക്കുന്ന പരാമർശങ്ങൾ ഏവ ? 4

8. " ഒററപ്പത്തിയൊടായിരമുടലുകൾ
ചുററുപിണഞ്ഞൊരു മണിനാഗം...." കൃതിയും കർത്താവുമാര് ?
ഇവിടെ വർണിക്കുന്നതെന്ത് ? വ്യക്തമാക്കുക. 4

9. കാലിന്നു മന്തും തലയ്ക്ക് പ്രാന്തും വരാനെന്താണ് കാരണമെന്ന്
ചോദിക്കുന്നവരോട് നാറാണത്തുപ്രാന്തൻെറ മറുപടിയെന്ത് ? 4

10. " തിരുമുമ്പിലായ് കാണിക്ക വെക്കുമ്പോലെ "- എന്ത് ? സന്ദർഭവും
ആശയവും എഴുതുക. 4

മുന്നൂറു വാക്കിൽ കവിയാതെ ഉപന്യസിക്കുക. 10

11. രവീന്ദ്രൻെറ യാത്രാവിവരണത്തിൽ നിങ്ങൾക്ക് കിട്ടിയ അനുഭൂതി
ചുരുക്കി വിവരിക്കുക

അല്ലെങ്കിൽ

" വഴികൾ വ്യക്തികൾ ഓർമ്മകൾ ' എന്ന പേര് ഈ കൃതിയ്ക്ക്
എത്രത്തോളം ചേരുന്നുവെന്ന് വിലയിരുത്തുക.

♠♠♠♠♠♠